بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

# Khutba Khulasa 25.09.2020 ഖുത്ബ സംഗ്രഹം

**സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ്**

***യു.കെ ഇസ്‌ലാമാബാദിലെ മുബാറക്ക് മോസ്കിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം***

## ഹദ്റത്ത് ബിലാൽ ബിൻ റബാഹ്(റ) – III

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَ اَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَ رَسُوْلُهٗ۔ اَمَّا بَعْدُ

فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ۔ بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ۔

اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ۙ الرَّحْمٰنِ الرَّحِيْمِ ۙ مٰلِكِ يَوْمِ الدِّيْنِ ؕ اِيَّاكَ نَعْبُدُ وَ اِيَّاكَ نَسْتَعِيْنُ ؕ

اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ۙ صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ۬ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَ لَا الضَّآلِّيْنَ ؕ

തശഹ്ഹുദും തഅവ്വുദും സൂറഃഫാത്തിഹയും ഓതിയതിനുശേഷം ഹുസൂർ (അയ്യദഹുല്ലാഹ്) പറഞ്ഞു:

ഹദ്റത്ത് ബിലാൽ(റ)നെ സംബന്ധിച്ച അനുസ്മരണമാണ് നടന്നു വരുന്നത്. ഹദ്റത്ത് അബൂഹുറയ്റ നിവേദനം ചെയ്യുന്നു: തിരുനബി(സ), ഹദ്റത്ത് ബിലാലിനോട്സുബ്ഹി നമസ്കാര സമയത്ത് പറഞ്ഞു: നിങ്ങൾ ഇസ്‌ലാമിൽ, ഏറ്റവും പ്രതീക്ഷനിർഭരമായ എന്ത് കർമമാണ് ചെയ്തിട്ടുള്ളത്? കാരണം ഞാൻ സ്വർഗത്തിൽ എനിക്ക് മുമ്പേ നിങ്ങളുടെകാലൊച്ച കേൾക്കുകയുണ്ടായി. ഹദ്റത്ത് ബിലാൽ പറഞ്ഞു: ഞാൻ രാത്രിയാണെങ്കിലും പകാലണെങ്കിലും എപ്പോൾ വുളുചെയ്താലും എന്നെക്കൊണ്ട് സാധ്യമാകുന്നത്ര നഫൽ നമസ്കരിച്ചിട്ടുണ്ട്. എന്റെ വീക്ഷണത്തിൽ ഇതിലധികം പ്രതീക്ഷനിർഭരമായ ഒരു കർമവും ഞാൻ ചെയ്തിട്ടില്ല.

ഒരു നിവേദനത്തിൽ വന്നിരിക്കുന്നു, തിരുനബി(സ) പറഞ്ഞു: എന്നെ രാത്രിയിൽ സ്വർഗത്തിലേക്ക് കൊണ്ടുപോയപ്പോൾ, ഞാൻ കാലൊച്ച കേൾക്കുകയുണ്ടായി. ഞാൻ ചോദിച്ചു, ജിബ്രീൽ! ഈ കാലൊച്ച എന്താണ്? ജിബ്രീൽ പറഞ്ഞു: അത് ബിലാൽ ആകുന്നു.

ഹദ്റത്ത് അബൂബക്കർ പറയുന്നു: ഞാൻ ബിലാലിന്റെ മാതാവിന്റെ ഉദരത്തിൽ ജനിച്ചിരുന്നെങ്കിൽ ഹാ എത്ര നന്നായിരുന്നു! ബിലാലിന്റെ പിതാവ് എന്റെ പിതാവാകുകയും ഞാൻ ബിലാലിനെപോലെ ആകുകയുംചെയ്തിരുന്നുവെങ്കിൽ ഹാ എത്ര നന്നായേനേ! ഹുസൂർ അൻവർ പറയുന്നു: ഒരുകാലത്ത് നിസ്സാരനായി കരുതി കല്ലുകൾക്ക് മീതെ വലിച്ചിഴച്ചിരുന്ന ബിലാലിന്റെ എത്ര ഉന്നതമായ സ്ഥാനമാണിത്! ഹദ്റത്ത് അബൂബക്കർ, താൻ ബിലാൽ ആയിരുന്നെങ്കിൽ എന്ന് ആഗ്രഹം പ്രകടിപ്പിക്കുന്നു.

ഒരിക്കൽ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി, അഹ്മദി സ്ത്രീകളെ സംബോധന ചെയ്തുകൊണ്ട് പറഞ്ഞു: അല്ലാഹുവിനുവേണ്ടി നിങ്ങൾ കർമങ്ങൾ ചെയ്താൽ അത് ബാക്കിയാകും. ഇന്ന് ബിലാലിന്റെ മക്കൾ എവിടെ? മക്കൾ ഇന്ന് ഉണ്ടോ ഇല്ലയോ എന്ന് പോലും നമുക്ക് അറിവില്ല. ഉണ്ടെങ്കിൽ എവിടെയാണ്? അദ്ദേഹത്തിന്റെ വീട് എവിടെയാണ്? അദ്ദേഹത്തിന്റെ സ്വത്തുക്കൾ എവിടെയാണെന്ന് നമുക്ക് കാണാൻ കഴിയുന്നില്ല. എന്നാൽ അദ്ദേഹം, മുഹമ്മദ് റസൂലുല്ലാഹ്(സ)ന്റെ മസ്ജിദിൽകൊടുത്തിരുന്ന ബാങ്ക് ഇപ്പോഴും അവിശേഷിക്കുന്നു. അത് ബാക്കിയായിരിക്കുന്നതുമാണ്. ഇതാണ് നിലനില്ക്കുന്ന പുണ്യങ്ങൾ.

ഹദ്റത്ത് ബിലാലിൽ നിന്ന് 44 ഹദീസുകൾ നിവേദനം ചെയ്യപ്പെട്ടിട്ടുണ്ട്. സ്വഹീഹൈൻ (അതായത് ബുഖാരിയിലും മുസ്‌ലിമിലും) 4 നിവേദനങ്ങൾ വന്നിട്ടുണ്ട്. ഒരു നിവേദനത്തിൽ റസൂലുല്ലാഹ്(സ) പറയുന്നു: അലി, അമ്മാർ, ബിലാൽ എന്നീ മൂന്ന് ആളുകളെ കാണാൻ ജന്നത്ത് (സ്വർഗം) ഏറെ കൊതിക്കുന്നു.

ഒരിക്കൽ ഹദ്റത്ത് ഉമർ, ഹദ്റത്ത് അബൂബക്കറിന്റെ ശ്രേഷ്ഠതകൾ വിവരിക്കുകയായിരുന്നു. അദ്ദേഹം അബൂബക്കറിന്റെ മഹത്വം വിവരിച്ചു. ഹദ്റത്ത് ബിലാലിനെ ചൂണ്ടി കൊണ്ട് പറഞ്ഞു, ഈ ബിലാൽ ഉണ്ടല്ലോ, അദ്ദേഹം നമ്മുടെ നേതാവാകുന്നു. ഇദ്ദേഹം ഹദ്റത്ത് അബൂബക്കറിന്റെസുകൃതങ്ങളിൽ ഒരു സുകൃതമാകുന്നു. കാരണം ഹദ്റത്ത് അബൂബക്കറാണ് വിലകൊടുത്ത് ഹദ്റത്ത് ബിലാലിനെ അടിമത്തത്തിൽ നിന്ന് മോചിപ്പിച്ചത്.

ആയിസ് ബിൻ അംറ് നിവേദനം ചെയ്യുന്നു: ഹദ്റത്ത് സുഹയ്ബ്, ഹദ്റത്ത് ബിലാൽ, ഹദ്റത്ത് സൽമാൻ എന്നിവരെ സംബന്ധിച്ച് നബി (സ) തിരുമേനി പറയുന്നു:അബൂബക്കർ, നിങ്ങൾ ഇവരെ ദേഷ്യം പിടിപ്പിച്ചതാണെങ്കിൽ, തീർച്ചയായും നിങ്ങൾ നിങ്ങളുടെ റബ്ബിനെ ദേഷ്യം പിടിപ്പിച്ചിരിക്കുന്നു.

ഹദ്റത്ത് അബൂമൂസ നിവേദനം ചെയ്യുന്നു; ഒരു ബദുക്കളിൽ പെട്ട വ്യക്തി, റസൂലുല്ലാഹ് (സ)ന്റെ സവിധത്തിലെത്തി പറഞ്ഞു: മുഹമ്മദ്(സ)! താങ്കൾ എന്നോട് ചെയ്ത വാഗ്ദാനം പാലിക്കുകയില്ലേ?തിരുനബി(സ) പറഞ്ഞു: നിങ്ങൾക്ക് സുവാർത്തയായിരിക്കട്ടെ! അപ്പോൾ ആ നാടോടി പറഞ്ഞു:ഇങ്ങനെ താങ്കൾ പലപ്രാവശ്യം പറഞ്ഞിരിക്കുന്നു. അപ്പോൾ തിരുനബി(സ), ഹദ്റത്ത് അബൂമൂസയിലേക്കും ഹദ്റത്ത് ബിലാലിലേക്കുംതിരിഞ്ഞുകൊണ്ട് പറഞ്ഞു: ഇയാൾ സുവാർത്ത നിരാകരിച്ചിരിക്കുന്നു. ആകയാൽ നിങ്ങൾ രണ്ടുപേരും ഈ സുവാർത്ത സ്വീകരിക്കുവിൻ!. അവർ രണ്ട് പേരുംപറഞ്ഞു: യാ റസൂലല്ലാഹ്! ഞങ്ങൾ സ്വീകരിച്ചിരിക്കുന്നു.തുടർന്ന് തിരുനബി(സ) ഒരു പാത്രം ആവശ്യപെട്ടു. അതിൽ വെള്ളമുണ്ടായിരുന്നു.

അതുകൊണ്ട് തന്റെ ഇരുകൈകളും മുഖവും കഴുകുകയുംവെള്ളം കവിൾകൊള്ളുകയുംചെയ്തു. തുടർന്നു പറയുന്നു: നിങ്ങൾ രണ്ടുപേരും ഇതിൽ നിന്ന് കുടിക്കുകയും തങ്ങളുടെ മുഖത്തും നെഞ്ചത്തും ഈ വെള്ളം ഒഴിച്ച് സന്തോഷിക്കുകയുംചെയ്യുക. അങ്ങനെ അവർ ആ പാത്രംവാങ്ങി, തിരുനബി(സ) കൽപ്പിച്ചതുപോലെ തന്നെ ചെയ്തു. അപ്പോൾ പർദക്ക് പിന്നിൽ നിന്ന് ഹദ്റത്ത് ഉമ്മുസൽമാ അവരെ വിളിച്ചു പറഞ്ഞു: നിങ്ങളുടെ കയ്യിലുള്ള പാത്രത്തിലുള്ളത് നിങ്ങളുടെ ഉമ്മാക്ക് (അതായത് ഉമ്മുൽ മുഅ്മിനീൻ ഹദ്റത്ത് ഉമ്മുസൽമാക്ക്) വേണ്ടിയും ബാക്കി വെക്കുവിൻ. അങ്ങനെ അവർ അതിൽ നിന്ന് കുറച്ച് ബാക്കിവെച്ചു.

ഹദ്റത്ത് അലി ബിൻ അബൂത്വാലിബ് നിവേദനം ചെയ്യുന്നു, നബി(സ) പറഞ്ഞു: എല്ലാ നബിക്കും അല്ലാഹു ഏഴ് നഖീബുമാരെ (നേതാക്കന്മാരെ) നൽകാറുണ്ട്. എനിക്ക് 14 പേരെ തന്നിരിക്കുന്നു. അതായത് ഇരട്ടി നേതാക്കന്മാരെ തന്നിരിക്കുന്നു. ഞങ്ങൾ ചോദിച്ചു: അവർ ആരെല്ലാമാണ്? ഹദ്റത്ത് അലി പറഞ്ഞു: ഞാൻ, എന്റെ രണ്ട് മക്കൾ, ജഅ്ഫർ(റ), ഹംസ, അബൂബക്കർ, ഉമർ, മഅ്സബ് ബിനു ഉമയ്ർ, ബിലാൽ, സൽമാൻ, മിഖ്ദാദ്, അബൂദർ, അമ്മാർ, അബ്ദുല്ലാഹ് ബിൻ മസ്ഊദ്.

ഹദ്റത്ത് സയ്ദ് ബിനു അർഖം നിവേദനം ചെയ്യുന്നു: തിരുനബി(സ) പറയുന്നു: ബിലാൽ എത്രമാത്രം നല്ല മനുഷ്യനാണ്. അദ്ദേഹം, മുഅദ്ദിൻമാരുടെ(ബാങ്ക് കൊടുക്കുന്നവരുടെ) നേതാവാകുന്നു. മുഅദ്ദിൻമാർക്കു മാത്രമേ അദ്ദേഹത്തെ പിൻപറ്റാൻ കഴിയുകയുള്ളൂ. ഖിയാമത്ത് നാളിൽ മുഅദ്ദിൻമാർ മാത്രമായിരിക്കും നീണ്ട കഴുത്തുള്ളവർ. ഹദ്റത്ത് സയ്ദ് ബിനു അർഖം നിവേദനം ചെയ്യുന്നു; തിരുനബി(സ) പറയുന്നു: ബിലാൽ എത്ര നല്ല മനുഷ്യനാണ്. അദ്ദേഹം ശുഹദാക്കളുടേയും മുഅദ്ദിൻമാരുടേയും നേതാവാകുന്നു. ഖിയാമത്ത് നാളിൽ ഏറ്റവും നീളമുള്ള കഴുത്ത് ഹദ്റത്ത് ബിലാലിന്റേതായിരിക്കും. അതായത് അദ്ദേഹത്തിന് വലിയ ആദരണീയ സ്ഥാനം ലഭിക്കുന്നതാണ്.

ഒരു നിവേദനത്തിൽ വന്നിരിക്കുന്നു. തിരുനബി(സ) പറയുന്നു: ബിലാലിന് സ്വർഗത്തിലെ ഒട്ടകങ്ങളിൽ ഒരു ഒട്ടകം നൽകപ്പെടുന്നതാണ്. അദ്ദേഹം അതിൽ സവാരിചെയ്യും. ഹദ്റത്ത് ബിലാലിന്റെ ഭാര്യ നിവേദനം ചെയ്യുന്നു; തിരുനബി(സ) പറഞ്ഞു: ബിലാൽ നിങ്ങളോട് പറയുന്ന എന്റെകാര്യങ്ങൾ തീർച്ചയായും സത്യമായിരിക്കും. ബിലാൽ നിങ്ങളോട് തെറ്റായ കാര്യങ്ങൾ പറയുകയില്ല. ആയതിനാൽ നിങ്ങൾ ഒരിക്കലും ബിലാലിനോട് ദേഷ്യപ്പെടരുത്. അല്ലെങ്കിൽ നിങ്ങൾ ബിലാലിനെ ദേഷ്യപ്പെടുത്തുന്ന അത്രയും സമയം നിങ്ങളുടെ ഒരു കർമവുംസ്വീകരിക്കപ്പെടുകയില്ല.

ഹദ്റത്ത് അബൂഹുറയ്റ നിവേദനം ചെയ്യുന്നു; തിരുനബി(സ) പറയുന്നു: ബിലാലിന്റെ ഉദാഹരണം തേനീച്ചയെ പോലെയാകുന്നു. അത് മധുരമുള്ള കനികളിൽ നിന്നും കയ്പുള്ള ചെടികളിൽ നിന്നും നീരു വലിച്ചെടുക്കുന്നു. എന്നാൽ തേൻ ഉണ്ടാക്കിക്കഴിഞ്ഞാൽ അത് എല്ലാംതന്നെ മധുരമുള്ളതായി മാറുന്നു. ഹദ്റത്ത് ബിലാലിന്റെ ഭാര്യ വിവരിക്കുന്നു, ഹദ്റത്ത് ബിലാൽ കിടക്കയിൽ കിടക്കുമ്പോൾ ഇങ്ങനെ ദുആ ചെയ്തിരുന്നു; അല്ലാഹുവേ! എന്റെ കുറ്റങ്ങൾ പൊറുത്തു തരേണമേ, എന്റെ കുറ്റങ്ങളിൽ എന്നെ ഒഴികഴിവുള്ളവനായി മനസ്സിലാക്കുകയുംചെയ്യേണമേ!

ഹദ്റത്ത് ബിലാൽ നിവേദനം ചെയ്യുന്നു: തിരുനബി(സ)എന്നോട് പറഞ്ഞു; ബിലാൽ! ദരിദ്രാവസ്ഥയിൽ മരണം വരിക്കുക. ധനികാവസ്ഥയിൽ മരണപ്പെടരുത്. ഞാൻ ചോദിച്ചു: അതെങ്ങനെയാണ് സാധ്യമാകുക? അതായത് ദരിദ്രാവസ്ഥയിൽ മരിക്കാനും ധനികാവസ്ഥയിൽ മരിക്കാതിരിക്കാനും എങ്ങനെ കഴിയും? അത് എനിക്ക് മനസിലായില്ലെന്ന് കണ്ടപ്പോൾ റസൂലുല്ലാഹ്(സ) പറഞ്ഞു: നിനക്ക് നൽകപ്പെടുന്ന വിഭവങ്ങൾ സ്വരൂകൂട്ടി വെക്കരുത്. നിന്നോട് ആവശ്യപ്പെടുന്നത് നീ നിരസിക്കരുത്. ഞാൻ ചോദിച്ചു: യാ റസൂലല്ലാഹ്! എനിക്ക് അങ്ങനെ ചെയ്യാൻ കഴിഞ്ഞില്ലെങ്കിൽ എന്ത് സംഭവിക്കും? തിരുനബി(സ) പറഞ്ഞു: അങ്ങനെതന്നെ ചെയ്യേണ്ടിവരും. അല്ലാത്തപക്ഷം അഗ്നിയായിരിക്കും സങ്കേതം! ഹുസൂർ അൻവർ പറഞ്ഞു: അതായത് ഒരു ആവശ്യക്കാരനേയും വിരട്ടിയകറ്റരുത്. എല്ലാം സ്വരുകൂട്ടിവെക്കുകയും ചെലവഴിക്കാതിരിക്കുകയും ചെയ്യുന്നത് ശരിയല്ല. ചെലവഴിക്കേണ്ടതും അനിവാര്യമാകുന്നു.

ഹദ്റത്ത് ബിലാൽ, ഹദ്റത്ത് ഉമറിന്റെ ഖിലാഫത്ത് കാലത്ത് ഹിജ്റ 20 ൽ സിറിയയിലെ ഡമാസ്ക്കസിലാണ് വഫാത്തായത്. ചിലരുടെ വീക്ഷണത്തിൽ അദ്ദേഹം ഹലബിൽ ആണ് വഫാത്തായത്. ആ സമയത്ത് അദ്ദേഹത്തിന് 60 വയസിൽകൂടുതൽ പ്രായമുണ്ടായിരുന്നു. മറ്റു ചിലരുടെ വീക്ഷണത്തിൽ ഹദ്റത്ത് ബിലാൽ ഹിജ്റ 18 ലാണ് വഫാത്തായത്. അദ്ദേഹത്തെ ഡമാസ്ക്കസിലെ ഖബർസ്ഥാൻ ബാബുസ്സഗീറിനടുത്താണ് മറവാടിയത്.

ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) പറയുന്നു: ഡമാസ്ക്കസിൽ ഒരു ദിവസം കുറച്ച് ആളുകൾ ഒത്തുകൂടി. യാദൃശ്ചികമായി ആ ദിവസങ്ങളിൽ ഹദ്റത്ത് ഉമറും പര്യടനത്തിന് വേണ്ടി ഡമാസ്ക്കസിൽ വന്നിട്ടുണ്ടായിരുന്നു. ജനങ്ങൾ ഹദ്റത്ത്ഉമറിനോട് പറഞ്ഞു: താങ്കൾ ബിലാലിനോട് ബാങ്ക് കൊടുക്കുവാൻ പറഞ്ഞാലും.ഹദ്റത്ത് ഉമർ, ഹദ്റത്ത് ബിലാലിനെ വിളിച്ചിട്ട് പറഞ്ഞു: താങ്കൾ ബാങ്കൊടുക്കണമെന്ന് ജനങ്ങൾ ആഗ്രഹിക്കുന്നു. അദ്ദേഹം പറഞ്ഞു: താങ്കൾ കാലത്തിന്റെ ഖലീഫയാകുന്നു. താങ്കൾ ആഗ്രഹിക്കുന്നുവെങ്കിൽ ഞാൻ ബാങ്ക്കൊടുക്കാം. എന്നാൽ എന്റെ മനസ്സിന് അത് അസഹനീയമാണ്. തുടർന്ന് ബിലാൽ എഴുന്നേറ്റുനിന്ന് ഉച്ചത്തിൽ തിരുനബി(സ)ന്റെ കാലത്ത് ബാങ്ക് കൊടുത്തിരുന്നതു പോലെ

ബാങ്ക് കൊടുക്കുന്നു. ഹദ്റത്ത് ബിലാൽ ബാങ്കൊടുത്തുകൊണ്ടിരിക്കുന്നു, കേൾക്കുന്നവരുടെ ഹൃദയങ്ങളിൽ തിരുനബി(സ)ന്റെകാലം ഓർമ്മ വന്നപ്പോൾ അവർ ഗദ്ഗദ കണ്ഠരായി. ഹദ്റത്ത് ബിലാൽ ബാങ്ക് അവസാനിപ്പിച്ചതും ബോധരഹിതനാകുന്നു. ഏതാനും മിനിറ്റുകൾക്കുള്ളിൽ ഹദ്റത്ത് ബിലാൽ മരണപ്പെടുകയും ചെയ്യുന്നു. ഇത് എന്റെ പക്കൽ അറബികൾക്കും അനറബിക്കും തമ്മിൽ യാതൊരു വ്യത്യാസവമില്ലെന്ന തിരുനബി(സ)ന്റെ പ്രഖ്യാപനത്തിന് അന്യസമുദായത്തിന്റെ സാക്ഷ്യമാകുന്നു. അന്യസമൂഹങ്ങൾ അദ്ദേഹത്തിന്റെ സ്നേഹമസൃണമായശബ്ദം ശ്രവിച്ചപ്പോൾ കാണിച്ച സാക്ഷ്യമാണിത്. അതിന്റെ പ്രഭാവം അവർ കണ്ടു. അദ്ദേഹത്തിന്റെ സമുദായത്തിന്, നബി(സ) അദ്ദേഹത്തോട് കാണിച്ച സ്നേഹം കാണിക്കാൻ കഴിയുകയില്ലെന്ന് ഈ സംഭവത്തോടെ അദ്ദേഹം പ്രകടമാക്കുകയായിരുന്നു.

ഹുസൂർ അൻവർ പറയുന്നു: ഇതാണ് നമ്മുടെ സയ്യിദുനാ ബിലാൽ! അദ്ദേഹം തന്റെ യജമാനരും നേതാവുമായ തിരുനബി(സ)നോടുള്ള അനുരക്തിയും കൂറും അല്ലാഹുവിന്റെ തൗഹീദ് അഥവാ ഏകത്വവും തന്റെ ഹൃദയത്തിൽ കുടിയിരുത്തി. പിന്നെ കർമപരമായ പ്രകടനത്തിലൂടെ അതിന്റെ മാതൃകകൾ സ്ഥാപിക്കുകയും ചെയ്തു. അത് നമുക്ക് ഉത്തമമാതൃകയാകുന്നു. അത് നമുക്കുള്ള പരിശുദ്ധമാതൃകയാണ്. മാത്രമല്ല, തിരുനബി(സ)നും ഈ പ്രിയശിഷ്യനോട് ഉണ്ടായിരുന്ന സ്നേഹവാത്സല്യങ്ങളുടെ സംഭവങ്ങൾക്ക് സമാനമായത് ലോകത്ത് എവിടെയും കാണാനാകുകയില്ല. ഇതിനു തന്നെയാണ് ഇന്നും സ്നേഹത്തിന്റെയും സൗഹാർദത്തിന്റേയും അന്തരീക്ഷം സൃഷ്ടിക്കുവാനും സാഹോദര്യബന്ധം ഉണ്ടാകാനും അടിമത്തത്തിന്റെ ചങ്ങലകൾ പൊട്ടിക്കാനും കഴിയുക. ചുരുക്കത്തിൽ ഇന്നും, തൗഹീദിന്റെ സ്ഥാപനത്തിലും അറബിയായ റസൂലി(സ)നോടുള്ള ഈ സ്നേഹത്തിന്റെ മാതൃകകൾ സ്ഥാപിക്കുന്നതിലാണ് നമ്മുടെ മോക്ഷമുള്ളത്. അല്ലാഹു നമുക്ക് അതിനുള്ള തൗഫീഖ് നൽകുമാറാകട്ടെ.

ഖുത്ബയുടെ അവസാനം ഹുസൂർ അൻവർ അയ്യദഹുല്ലാഹ് തആല, ട്രിനിഡാഡ് ആൻഡ്ടൊബാഗോയിലെ മുബല്ലിഗായ മൗലാന ത്വാലിബ് യഅ്ഖൂബ് സാഹിബ്, മുൻ വക്കീലുൽ മാൽ സാലിസും മജ്‌ലിസ് തഹ്‌രീക് ജദീദ് നാഇബ് സദ്റും ആയിരുന്ന ജനാബ് എൻജിനീയർ ഇഫ്തിഖാർ ഖുറൈശി സാഹിബ്, മൗലവി ഹക്കീം ഖുർശിദ് അഹ്മദ് സാഹിബിന്റെ ഭാര്യയായ റളിയ സുൽത്ത്വാന സാഹിബ, ഖാദിയാൻ ബയ്ത്തുൽമാൽ നായിബ് നാസിറും, മുഹമ്മദ് മൻസൂർ അഹ്മദ് സാഹിബിന്റെ മക നുമായ ജനാബ് മുഹമ്മദ് ത്വാഹിർ സാഹിബ്, ഘാന യിലെ ഇന്റർനാഷണൽ ജാമിഅ അഹ്മദിയ്യ അധ്യാപ കനായ മിർസാ ഖലീൽ അഹ്മദ് സാഹിബിന്റെ മകൻ അഖീൽ അഹ്മദ് എന്നിവരുടെ സ്വഭാവ മഹിമകൾ വിവരിച്ച ശേഷം അവരുടെ ജനാസ നമസ്കാരങ്ങൾ നിർവഹിക്കുമെന്ന് വിളംബരം ചെയ്തു.

اَلْحَمْدُ لِلّٰهِ نَحْمَدُهُ وَ نَسْتَعِيْنُهُ وَ نَسْتَغْفِرُهُ وَنُؤْمِنُ بِهٖ وَنَتَوَكَّلُ عَلَيْهِ وَنَعُوْذُ بِاللّٰهِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَيِّئَاتِ اَعْمَالِنَا مَنْ يَّهْدِهِ اللّٰهُ فَلَا مُضِلَّ لَهٗ وَمَنْ يُّضْلِلْهُ فَلَا هَادِىَ لَهٗ- وَنَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَنَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ- عِبَادَ اللّٰهِ رَحِمَكُمُ اللّٰهُ اِنَّ اللّٰهَ يَاْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِيْتَآءِ ذِى الْقُرْبٰى وَ يَنْهٰى عَنِ الْفَحْشَاءِ وَ الْمُنْكَرِ وَ الْبَغْيِ يَعِظُكُمْ لَعَلَّكُمْ تَذَكَّرُوْنَ اُذْكُرُوا اللّٰهَ يَذْكُرْكُمْ وَ ادْعُوْهُ يَسْتَجِبْ لَكُمْ وَلَذِكْرُ اللّٰهِ اَكْبَرُ-

Friday Sermon delivered by **Hadrat Khalifatul Masih Al-khamis** (atba)
at Mubarak Mosque, Islamabad, UK – on 25.09.2020
Malayalam Translation: **Moulavi H.Shamsuddin, Kavassery** For Malayalam Desk, Qadian.
Published By Nazarath Nashr-O-Isha'ath, Sadr Anjuman Ahmadiyya - Qadian, 143516